## മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണകമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്.

**അക്കാദമിക് ബി.VI സെക്ഷൻ**

നം.2686/എസി.ബി6/2017 പ്രിയദർശിനി ഹിൽസ്,09.05.2017.

---

പരാമർശം: 1.അഫിലിയേറ്റഡ് ആർട്സ്&സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മിറ്റിയുടെ 25.04.2017-തീയതിയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ് .

2) 2017 ഏപ്രിൽ മാസം 29-ാം തീയതി ചേർന്ന സിൻഡിക്കേറ്റ് യോഗം അജണ്ടയ്ക്ക് പുറമെ പരിഗണിച്ച..OA-16/17.06/CAP-2017-18- ഇനത്തിന്റെ തീരുമാനം.

## ഉത്തരവ്

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള 2017 -18 അക്കാദമിക വർഷത്തെ കേന്ദ്രീകൃത പ്രവേശനത്തെ സംബന്ധിച്ച് കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മിറ്റിയുടെ പരാമർശം 1 പ്രകാരമുള്ള യോഗം വിശദമായ ചർച്ച നടത്തുകയും താഴെ പറയുന്ന ശുപാർശകൾ നൽകുകയും ചെയ്തിട്ടുള്ളതാണ്.

എ)ബിരുദ പ്രോഗ്രാമിലേയ്ക്കുള്ള കേന്ദ്രീകൃത പ്രവേശനത്തിനായി 17-18 വർഷത്തെ അപേക്ഷാഫീസ് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് മുന്നൂറു രൂപയായും(Rs.300/-), മറ്റു പൊതു വിഭാഗങ്ങൾക്ക് അറുന്നൂറു രൂപയായും (Rs.600/-) ഉയർത്തണം.

ബി)2017-18 വർഷത്തെ കേന്ദ്രീകൃത അലോട്ട്മെന്റിന്റെ സാങ്കേതിക വിഭാഗത്തിന്റെ ചുമതല സീനിയർ അനലിസ്റ്റുമാരായ ശ്രീ. ലക്ഷ്മികാന്ത് എൽ.ആർ , ശ്രീ. രാഗ് ലാൽ ആർ എന്നിവർക്ക് നിലവിൽ നൽകിയിരിക്കുന്ന ജോലികൾക്ക് പുറമെ അധിക ചുമതലയായി നൽകുകയും കേന്ദ്രീകൃത പ്രവേശനത്തിന് ചെലവഴിക്കുന്ന അധിക സമയത്തിനനുസരിച്ച് അധിക വേതനം നൽകുകയും ചെയ്യണം.

സി)കോളേജുകൾ അധിക ഫീസ് ഈടാക്കുന്നതുൾപ്പെടെയുള്ള പരാതികൾ പരിശോധിക്കുന്നതിനായി പ്രവേശന കാലയളവിൽ തന്നെ ക്യാപ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട സംഘങ്ങൾ കോളേജുകളിൽ പരിശോധന നടത്തുകയും കാലവിളംബം കൂടാതെ വിദ്യാർത്ഥികൾക്ക് നീതി ഉറപ്പുവരുത്തുകയും ചെയ്യണം.

ഡി) മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടകളിലെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ അതാത് കോളേജുകൾ അന്നന്ന് തന്നെ അഡ്മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണെന്ന് കോളേജുകളോട് നിർദ്ദേശിക്കണം.

ഇ) നിലവിൽ കേന്ദ്രീകൃത പ്രവേശനത്തിനായി റിലയൻസ് ഡാറ്റാ സെന്ററിൽ വാടക നൽകി ഉപയോഗിച്ച് വരുന്ന സേർവറിന്റെ ബാൻഡ് വിഡ്ത് 1 എം.ബി.പി.എസ് ആയതിനാലും, മുൻ വർഷങ്ങളിൽ പ്രവേശന സമയത്ത് ഓൺ ലൈൻ ആപ്ലിക്കേഷൻ ഉപയോഗിക്കുന്ന അപേക്ഷകരുടെ എണ്ണം പരിഗണിച്ച് ബാൻഡ് വിഡ്ത് 10എം.ബി.പി.എസ് ആക്കിയിരുന്നതിനാലും, 2017-18വർഷവും, മുൻ വർഷങ്ങളിലെ പോലെ തന്നെ വാടകയ്ക്ക് ഉപയോഗിച്ച് വരുന്ന സെർവറിന്റെ ബാൻഡ് വിഡ്ത് 10 എം.ബി.പി.എസ് ആക്കി ഉയർത്തണം.

എഫ്) കേന്ദ്രീകൃത പ്രവേശനത്തിന്റെയും മറ്റ് സർവകലാശാലാ സേവനങ്ങളുടെയും ഇ - പേയ്മെന്റിനായി റിലയൻസ് ഡേറ്റാ സെന്ററിൽ കോ-ലൊക്കേറ്റ് ചെയ്തിട്ടുള്ള സെർവറിന്റെ ബാൻഡ് വിഡ്ത് 1 എം.ബി.പി.എസ് ആയിരിക്കെ, ടി സെർവറിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള സേവനങ്ങളുടെ എണ്ണവും വർദ്ധിച്ചിട്ടുള്ളതിനാൽ, ടി സെർവറിന്റെ നിലവിലുള്ള ബാൻഡ് വിഡ്ത് 1 എം.ബി.പി.എസിൽ നിന്നും 4 എം.ബി.പി.എസ് ആയി വർധിപ്പിക്കുകയും കൂടാതെ ടി സെർവർ തുടർന്നും റിലയൻസ് ഡാറ്റാ സെന്ററിൽ കോ-ലൊക്കേറ്റ് ചെയ്യുകയും വേണം.

ജി) ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്, കേരള സംസ്ഥാന ഹയർ സെക്കന്ററി പരീക്ഷാ ബോർഡിന്റെ ഫലം വരുന്നയുടൻ ആരംഭിക്കണം.

ടി ശുപാർശകൾ സർവ്വകലാശാലാ സിൻഡിക്കേറ്റ്, പരാമർശം 2 പ്രകാരം അജണ്ടയ്ക്ക് പുറമെ പരിഗണിച്ച് അംഗീകരിക്കുകയും തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഉത്തരവിടുകയും ചെയ്തിട്ടുള്ളതാണ്.

ആകയാൽ തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
സുനിൽ ബാബു കെ
അസിസ്റ്റന്റ് രജിസ്ട്രാർ
(കേന്ദ്രീകൃത പ്രവേശന വിഭാഗം)

പകർപ്പ്:

1. വൈസ്-ചാൻസിലറുടെ/പ്രോ-വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ. മാർ
3. അസിസ്റ്റന്റ് രജിസ്ട്രാർ(കേന്ദ്രീകൃത പ്രവേശന വിഭാഗം)
4. അസിസ്റ്റന്റ് രജിസ്ട്രാർ I,II,III(അക്കാദമിക്)
5. ഡെപ്യൂട്ടി രജിസ്ട്രാർ I,II,(അക്കാദമിക്)
6. ജോയിന്റ് രജിസ്ട്രാർ I (ഭരണം)
7. ജോയിന്റ് രജിസ്ട്രാർ II (ഭരണം)
8. ഡെപ്യൂട്ടി രജിസ്ട്രാർ ( സീടെക്സ് )
9. എ സി.എ I/ എസി.എ VII/ എ സി.എ VIII/ എ സി.സി/സിസ്റ്റം അഡ്മിനിസ്ട്രേഷൻ വിംഗ്
10. എ ഡി ഡി /ആഡിറ്റ് വിംഗ്
11. പി.ആർ.ഒ /റെക്കാർഡ്സ് /കണ്ടന്റ് മാനേജ്മെന്റ് സെൽ
12. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ